ശ്രീ. എളമരം കരീം :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. പി.ടി. കുഞ്ഞുമുഹമ്മദ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടിയുടെ ഉൽപ്പാദനം വർഷംതോറും കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കശുമാവ് പൂക്കുന്ന അവസരത്തിൽ തന്നെ കായ് ആകാതെ പൂക്കൾ കരിഞ്ഞുപോകുന്ന സംഭവം വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് ഫലപ്രദമായി എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. പൂക്കൾ കരിഞ്ഞുപോകുന്നത് തേയിലക്കൊതുകിന്റെയും കുമിളിന്റെയും ആക്രമം കാരണമാണെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. ഇത് തടയുന്നതിന് കേരള കാർഷിക സർവകലാശാലയുടെ ശുപാർശ പ്രകാരം ഒക്ടോബർ-നവംബർ, ഡിസംബർ-ജനുവരി, ജനുവരി-ഫെബ്രുവരി എന്നീ മാസങ്ങളിൽ നിർദ്ദിഷ്ട കീട-കുമിൾനാശിനി തളിക്കേണ്ടതാണ്. ഇതിലേക്ക് ഹെക്ടർ ഒന്നിന് മരുന്നിന്റെ വിലയുടെ 50% എന്ന നിരക്കിൽ പരമാവധി 1225 രൂപ സബ്സിഡിയായി നൽകുന്നതാണ്.

27 (*552) 'വികസന പ്രവർത്തനങ്ങൾക്ക് വനഭൂമി'

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസനപ്രവർത്തനങ്ങൾക്കുവേണ്ടി സംസ്ഥാനത്തെ വനഭൂമി വിട്ടുകൊടുക്കുന്നതിന് സർക്കാർ എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കാര്യത്തിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) വികസന കാര്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കുന്ന നടപടി പ്രകാരം ശബരിമല വികസനം, ജലവൈദ്യുതി പദ്ധതികളുടെ വികസനം, റോഡു നിർമ്മാണം എന്നീ ആവശ്യത്തിന് വനഭൂമി വിട്ടുകൊടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) എങ്കിൽ ഇക്കാര്യത്തിന് എത്ര ഏക്കർ വനഭൂമിവീതം വിട്ടുകൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത ആവശ്യത്തിനായി കൂടുതൽ ഭൂമി വിട്ടുകൊടുക്കേണ്ടി വരുമെന്ന് കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ ശബരിമല വികസനം, ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം എന്നിവയ്ക്ക് എത്രഭൂമി വീതം വിട്ടുകൊടുക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ)&(ബി) ഇതിനായി സംസ്ഥാന സർക്കാർ പ്രത്യേകമായി മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. കേന്ദ്രവന സംരക്ഷണ നിയമം അനുസരിച്ച് വനഭൂമി മതേതര ആവശ്യങ്ങൾക്ക് വിട്ടുകൊടുക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

(സി) ഉണ്ട്.

(ഡി) 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് നിലവിൽ വന്നതിനുശേഷം ശബരിമല വികസനത്തിന് 16.2975 ഹെക്ടർ വനഭൂമിയും ജലവൈദ്യുത പദ്ധതിയുടെ വികസനത്തിനായി 173.96 ഹെക്ടർ വനഭൂമിയും റോഡു നിർമ്മാണത്തിനായി 1.7616 ഹെ. വനഭൂമിയും വിട്ടുകൊടുത്തിട്ടുണ്ട്.

(ഇ) പ്രസ്തുത ആവശ്യങ്ങൾക്കായി കൂടുതൽ വനഭൂമിക്ക് ഉള്ള അപേക്ഷകൾ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന് കേന്ദ്രാനുമതി ലഭിക്കുന്ന പക്ഷം പ്രസ്തുത ഭൂമി വിട്ടുകൊടുക്കേണ്ടതായി വരും.

(എഫ്) ശബരിമല വികസനത്തിനായി 20 ഹെക്ടറും പമ്പ സബ്സ്റ്റേഷൻ നിർമ്മാണത്തിന് 13.526 ഹെക്ടറും ജലവിതരണത്തിനും ചെക്ക്ഡാം നിർമ്മാണത്തിനുമായി 1.709 ഹെക്ടറും ഉൾപ്പെടെ 35.235 ഹെക്ടർ വനഭൂമിയും ജലവൈദ്യുത പദ്ധതികൾക്കായി 379.75 ഹെക്ടർ വനഭൂമിയും വിട്ടുകൊടുക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

28 (*553) വ്യാവസായിക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ നടപടി

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള വ്യാവസായിക ഉല്പാദകരെ പ്രോത്സാഹിപ്പിക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ പരിഷ്കാരങ്ങളാണ് നികുതി മേഖലയിൽ കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് വ്യവസായികസംരംഭകരുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വ്യവസായിക ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും പുതിയ വ്യവസായിക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുവാനും നികുതി ഘടനയിലും മറ്റും എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

823/2010.

LIBRARY ARCHIVES Kerala Legislative Assembly